പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*41 13.01.2021-ൽ മറുപടിയ്ക്ക്

## ഇതര സംസ്ഥാന ലോട്ടറി വില്പന

| ചോദ്യം<br>ശ്രീ . ജോർജ് എം .തോമസ്<br>ശ്രീ. സി.കെ. ഹരീന്ദ്രൻ<br>ശ്രീ . പി . ഉണ്ണി<br>ശ്രീ. കെ. ജെ. മാക്സി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജനങ്ങളെ കൊള്ളയടിക്കാനുള്ള ഇതര സംസ്ഥാന ലോട്ടറി ഗൂഢ സംഘത്തിന്റെ ശ്രമങ്ങളെ തടയാൻ സംസ്ഥാനം നടത്തിയ ലോട്ടറി റെഗുലേഷൻ ഭേദഗതിക്കെതിരെ ഹൈക്കോടതിയിൽ നിന്ന് വിധി വന്നതിനെത്തുടർന്ന് സംസ്ഥാനത്ത് ഇതരസംസ്ഥാന ലോട്ടറി വില്പന ആരംഭിക്കാനുള്ള ശ്രമം നടത്തുന്നത് വിഫലമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഇതര സംസ്ഥാന ലോട്ടറി ആരംഭിക്കുവാനുള്ള ശ്രമം നടത്തുന്നത് വിഫലമാക്കാൻ വേണ്ട നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>1) കേരളത്തിനുള്ളിൽ നാഗാലാന്റ് പേപ്പർ ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് ഫ്യൂച്ചർ ഗെയിമിംങ്ങ് ആന്റ് ഹോട്ടൽ സർവ്വീസസ്, ബഹു.കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിരുന്ന WP(C) 35024/2019 എന്ന റിട്ട് പെറ്റീഷനിൽ കേരള സംസ്ഥാന ലോട്ടറി റൂൾസ് 2018 -നെതിരെ പുറപ്പെടുവിച്ചിരിക്കുന്ന വിധിക്കെതിരെ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ട്.<br><br>2) ബഹു. ഹൈക്കോടതി 2018 - ലെ കേരള ഭാഗ്യക്കുറി ഭേദഗതി റൂൾസ് ultra vires ആണെന്ന് വിധി പറഞ്ഞിട്ടുണ്ടെങ്കിലും 27/07/2017 തിയതിയിലെ SRO No. 470/2017-ൽ Goods & Service Rules 20 A I, II, III a, b, c പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വിശദാംശങ്ങൾ പരിശോധിച്ച് ജി.എസ്.ടി ഡിപ്പാർട്ട്മെന്റിന് ബോധ്യപ്പെട്ടതിന് ശേഷം മാത്രമെ നിലവിൽ കേരളത്തിനുള്ളിൽ |

| | | | |
|---|---|---|---|
| | | | ടിക്കറ്റ് വില്പന സാധിക്കുകയുള്ളൂ.<br>3) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിലെ Registered ഏജന്റുമാരും ഏജന്റുമാരാൽ നിയമിക്കപ്പെടുന്ന സബ് ഏജന്റുമാർ, വില്പനക്കാർ, റീട്ടെയിലർമാർ എന്നിവരും അന്യസംസ്ഥാന ഭാഗ്യക്കുറി വില്പന നടത്താൻ പാടുള്ളതല്ലായെന്ന് നിഷ്കർഷിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ ലംഘിക്കുന്ന പക്ഷം ടിയാളുടെ ഏജൻസികൾ റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>4) ലോട്ടറി നിയന്ത്രണ നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. ടി വിഷയത്തിന്മേൽ വിശദാംശങ്ങൾ ട്രേഡ് യൂണിയൻ പ്രതിനിധികൾ, ഏജന്റുമാർ എന്നിവർ ഉൾപ്പെട്ട യോഗം 01/01/2021-ന് വിളിച്ചുചേർത്ത് സർക്കാർ നിലപാടുകൾ ബോധ്യപ്പെടുത്തുകയും ഇതര സംസ്ഥാന നിയമവിരുദ്ധ ലോട്ടറികൾക്കെതിരെ സ്വീകരിക്കുന്ന നിലപാടുകൾക്ക് സഹകരണം ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ജി. എസ്. ടി. കൗൺസിൽ സംസ്ഥാനം നേരിട്ട് നടത്തുന്ന ലോട്ടറികൾക്ക് നികുതി വർദ്ധിപ്പിച്ചത് സംസ്ഥാന ലോട്ടറിക്ക് സാമ്പത്തികാഘാതം സൃഷ്ടിക്കാനിടയുണ്ടോ; | (ബി) | കേന്ദ്രസർക്കാർ 18.12.2019-ൽ ചേർന്ന GST കൗൺസിൽ യോഗത്തിൽ സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST നിരക്ക് 01.03.2020 മുതൽ 12% ത്തിൽ നിന്നും 28% മായി ഉയർത്തിയിട്ടുണ്ട് . ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന വില 40/-രൂപയായി ഏകീകരിച്ചു കൊണ്ട് സമ്മാനഘടന പരിഷ്ക്കരിക്കുകയും ചെയ്തു. ഇത്തരത്തിൽ GST നിരക്കിലുണ്ടായ വർദ്ധനവിനനുസൃതമായി സമ്മാന ഘടന പരിഷ്ക്കരിച്ചതു വഴി ഭാഗ്യക്കുറി വകുപ്പിലൂടെ സർക്കാരിന് ലഭ്യമായിരുന്ന അറ്റാദായത്തിൽ 7% ത്തോളം (ഏകദേശം പകുതിയോളം) തുക കുറവ് വരുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. GST നിരക്ക് 28%മായി പ്രാബല്യത്തിൽ വന്ന മാർച്ച് മാസം അവസാനത്തോടുകൂടി വ്യാപിച്ച മഹാമാരിയായ കോവിഡ്-19 ന്റെ നിർവ്യാപനവുമായി ബന്ധപ്പെട്ടുള്ള സമ്പൂർണ്ണ അടച്ചിടലും ഇതിന്റെ ഭാഗമായുള്ള തുടർ നിയന്ത്രണങ്ങളും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ മുഴുവൻ പ്രതിവാര ഭാഗ്യക്കുറികൾ, വിഷു ബമ്പർ ഭാഗ്യക്കുറി (BR-73), പിന്നീടുള്ള മാസങ്ങളിലെ എല്ലാ ഞായറാഴ്ചകളിലേയും പൗർണ്ണമി, വ്യാഴാഴ്ചയിലെ കാരുണ്യ പ്ലസ് പ്രതിവാര ഭാഗ്യക്കുറികൾ, (ഡിസംബർ മാസം വരെ)എന്നിവയുൾപ്പെടെ നിലവിൽ ഏകദേശം 160 ഓളം ഭാഗ്യക്കുറികൾ റദ്ദ് ചെയ്യുന്നതിനിടയാക്കിയിട്ടുണ്ട്. ആയതിനാൽ തന്നെ വകുപ്പിന് ഏറെ സാമ്പത്തിക പ്രത്യാഘാതം നേരിടേണ്ടി വന്നു. ഇത് ഭാഗ്യക്കുറി വകുപ്പിന്റെ വരുമാനത്തിൽ ഭീമമായ കുറവ് ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. GST നിരക്കിലുണ്ടായ വർദ്ധനവ് മാത്രമായി വകുപ്പിന്റെ വരുമാനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്ന് കണക്കാക്കുന്നതിനു കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. |
| (സി) | സൗജന്യ ചികിത്സയും മറ്റു ക്ഷേമ പ്രവർത്തനങ്ങൾക്കുമായി വിനിയോഗിക്കുന്ന സംസ്ഥാന ലോട്ടറിയും അതിനെ ആശ്രയിച്ച് ജീവിക്കുന്ന നിരാശ്രയരായ വില്പനക്കാരെയും സംരക്ഷിക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ? | (സി) | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധിയിൽ അംഗമായ ഭാഗ്യക്കുറി ഏജന്റുമാർക്കും വില്പനക്കാർക്കുമാണ് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്. ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് വർഷത്തിൽ പരമാവധി 5,000/- രൂപ വരെ ചികിത്സാ ധന സഹായം നൽകുന്ന പദ്ധതി, ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സതേടുന്ന അംഗങ്ങൾക്ക് 50,000/- രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന പ്രത്യേക ചികിത്സാ പദ്ധതി, ക്ഷേമനിധിയിലെ വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കൾക്കും 25,000/- |

| | | | |
|---|---|---|---|
| | | | രൂപ വിവാഹധന സഹായം നൽകുന്ന പദ്ധതി, ക്ഷേമനിധിയിലെ വനിതകളായ അംഗങ്ങൾക്ക് 10,000/- രൂപ പ്രസവാനുകൂല്യം നൽകുന്ന പദ്ധതി, ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, എസ്.എസ്.എൽ.സി, ഹയർസെക്കന്ററി തലത്തിൽ വിജയം നേടുന്ന ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് നൽകുന്ന പദ്ധതി, മരണപ്പെടുന്ന ക്ഷേമനിധി അംഗങ്ങളുടെ ആശ്രിതർക്ക് സ്വാഭാവിക മരണത്തിന് 50,000/- രൂപയും അപകടമരണത്തിന് 1,00,000/- രൂപയും ധനസഹായം നൽകുന്ന മരണാനന്തര ധനസഹായ പദ്ധതി എന്നീ ആനുകൂല്യങ്ങളും പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ എന്നീ പെൻഷൻ ആനുകൂല്യങ്ങളും ക്ഷേമനിധി പദ്ധതി വിജ്ഞാപനപ്രകാരം അനുവദിച്ചു വരുന്നു.<br>ഇവ കൂടാതെ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ വർഷവും ഓണം അലവൻസ് ഇനത്തിൽ അംഗങ്ങൾക്കും, പെൻഷൻകാർക്കും സർക്കാർ പ്രഖ്യാപിക്കുന്ന തുക അനുവദിച്ചുവരുന്നു. ക്ഷേമനിധി അംഗങ്ങളായ വില്പനക്കാർക്ക് സൗജന്യമായി യൂണിഫോം നൽകുന്ന പദ്ധതി, അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് മോട്ടോറൈസ്ഡ് ട്രൈസ്കൂട്ടർ നൽകുന്ന പദ്ധതി, വഴിയോര ഭാഗ്യക്കുറി വില്പനക്കാരായ ക്ഷേമനിധി അംഗങ്ങൾക്ക് സൗജന്യമായി ബീച്ച് അംബ്രല്ല നൽകുന്ന പദ്ധതി, പത്താംതരം തുല്യതാപഠനം സൗജന്യമായി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്ന പദ്ധതി എന്നിവയും സർക്കാർ അനുമതിയോടെ നടപ്പിലാക്കിവരുന്നു. ഭാഗികമായിട്ടാണെങ്കിലും ലോക്ക്ഡൗൺ പിൻവലിച്ച സാഹചര്യത്തിൽ പടിപടിയായി ഭാഗ്യക്കുറി വില്പന പുനരാരംഭിക്കുവാനും, സാധാരണക്കാരായ ലോട്ടറി |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾക്ക് വില്പന പുനരാരംഭിക്കുന്നതിന് ടിക്കറ്റുകൾ വാങ്ങാൻ കൂപ്പൺ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ